സഹകരണ സ്ഥാപനങ്ങളിലൂടെ പാചകവാതക വിതരണം

20 (*200) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പാചകവാതക വിതരണം സുഗമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി പാചകവാതക ബോയിലിംഗ് പ്ലാന്റുകൾ സ്ഥാപിച്ചുവോ ; എങ്കിൽ എവിടെയൊക്കെയാണ് ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പാചകവാതക ബോട്ടിലിംഗ് പ്ലാന്റുകൾ പുതിയതായി ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ എവിടെയൊക്കെയാണ് പുതിയ ബോട്ടിലിംഗ് പ്ലാന്റുകൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ബോട്ടിലിംഗ് പ്ലാന്റുകൾ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ബോട്ടിലിംഗ് പ്ലാന്റുകൾ പ്രവർത്തനക്ഷമതയോടെ സംസ്ഥാനത്ത് എത്ര ഉപഭോക്താക്കൾക്ക് പാചകവാതകം വിതരണം ചെയ്യാനാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സഹകരണസ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന പാചക വാതകത്തിന് എന്ത് വില ഈടാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) സഹകരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്ന പാചകവാതക വിതരണ പദ്ധതി ഒരു വർഷത്തിനുള്ളിൽ ആരംഭിക്കാനാവുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലൂടെ ഇപ്പോൾ നടത്തി വരുന്ന പാചകവാതക വിതരണം സുഗമമാക്കാനുള്ള നടപടികൾ കൺസ്യൂമർ ഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു എൽ. പി. ജി. ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന്റെ ഉത്തര മേഖലയിലും ദക്ഷിണ മേഖലയിലും ഓരോ പാചകവാതക ബോട്ടിലിംഗ് പ്ലാന്റുകൾ കൂടി സ്ഥാപിക്കുന്നതിനു കൺസ്യൂമർ ഫെഡറേഷൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) കണ്ണൂർ ജില്ലയിൽ പയ്യന്നൂരിനടുത്തുള്ള കാസ്കോൽ വില്ലേജിൽ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൊല്ലം ജില്ലയിലും ഒരു പ്ലാന്റ് സ്ഥാപിക്കുവാൻ ഫെഡറേഷൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) കൺസ്യൂമർ ഫെഡറേഷൻ പാലക്കാട് സ്ഥാപിച്ച ബോട്ടിലിംഗ് പ്ലാന്റിന്റെ പ്രവർത്തനം 2000 മേയ് 26ന് ആരംഭിച്ചു കഴിഞ്ഞു. കണ്ണൂർ ജില്ലയിൽ കാസ്കോർ എന്ന സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പ്ലാന്റിന്റെ പണി പൂർത്തിയാക്കുവാൻ ഒരു വർഷമെങ്കിലും വേണ്ടിവരും.

(എഫ്) ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ബോട്ടിലിംഗ് പ്ലാന്റിന്റെ ശേഷി ഉപയോഗിച്ച് അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം പേർക്ക് പാചക വാതക കണക്ഷൻ നൽകാനാകും. രണ്ടാമത്തെ പ്ലാന്റു കൂടി പ്രവർത്തന ക്ഷമമാകുന്നതോടെ അടുത്ത രണ്ടു വർഷത്തിനുള്ളിൽ ചുരുങ്ങിയത് രണ്ടു ലക്ഷം പേർക്കെങ്കിലും പാചകവാതക കണക്ഷൻ നൽകാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ജി) സഹകരണസ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യുന്ന 12 കിലോഗ്രാം പാചകവാതകത്തിനു (ഡൊമസ്റ്റിക് കണക്ഷൻ) 152 രൂപയാണ് ഉപഭോക്താക്കളിൽ നിന്ന് കൺസ്യൂമർ ഫെഡറേഷൻ ഇപ്പോൾ ഈടാക്കി വരുന്നത്. ഇത് ഐ.ഒ.സി. ഭാരത് പെട്രോളിയം തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഈടാക്കുന്ന അതേ നിരക്കാണ്.

(എച്ച്) സഹകരണ സ്ഥാപനങ്ങളിലൂടെ കൺസ്യൂമർ ഫെഡറേഷൻ നേരിട്ടു നൽകുന്ന നീതി ഗ്യാസ് ബ്രാൻഡ് നെയിമോടു കൂടിയ പാചകവാതക കണക്ഷൻ 2000 മെയ് 26 മുതൽ നൽകി തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ഒരു മാസം കൊണ്ട് 10,334 ഉപഭോക്താക്കൾക്ക് ഗ്യാസ് കണക്ഷൻ നൽകി കഴിഞ്ഞു. അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം കണക്ഷൻ നൽകുവാൻ ഫെഡറേഷൻ ഉദ്ദേശിക്കുന്നുണ്ട്.

ലേബർ അജണ്ട 2000

21 (*201) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly